*Malappuram District Police*

**28.08.2017 പെരിന്തൽമണ്ണ**

രണ്ടു വ്യത്യസ്ത സംഭവങ്ങളിലായി 56.44 ലക്ഷം രൂപയുടെ കുഴൽപ്പണവുമായി രണ്ടുപേരെ പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തു. വേങ്ങര തങ്ങൾകടവൻ അൻവർ (40), കൊമ്പം കോഴിശ്ശേരി അബ്ദുല്ല (56) എന്നിവരെ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരത്തുനിന്നാണ് അറസ്റ്റ് ചെയ്തത്. 25 ലക്ഷം രൂപയുമായി അൻവറിനെ ശനിയാഴ്ച വൈകിട്ടാണ് അറസ്റ്റ് ചെയ്തത്.

31.44 ലക്ഷം രൂപയുമായി അബ്ദുല്ല ഇന്നലെ പുലർച്ചെയും പിടിയിലായി. പിടികൂടിയ പണം ജില്ലയിൽ വിതരണം നടത്തുന്നതിനുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സിഐ ടി.എസ്.ബിനു, എസ്ഐ കമറുദ്ദീൻ, അഡീഷനൽ എസ്ഐ സുരേന്ദ്രൻ, അന്വേഷണ ഉദ്യോഗസ്ഥരായ വിനോജ്, ദിനേശൻ, ഷബീർ, സുമേഷ്, ജയൻ, മോഹൻദാസ്, മുരളി, നെവിൻ ഭാസ്കർ, മോഹനകൃഷ്ണൻ, കൃഷ്ണകുമാർ, അനീഷ് ചാക്കോ എന്നിവരാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.